**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 348** — **18-07-2022 - ൽ മറുപടിയ്ക്ക്**

**കരിമണൽ ഖനനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. വി. ഇബ്രാഹിം , ഡോ. എം.കെ . മുനീർ , ശ്രീ.പി. കെ. ബഷീർ , ശ്രീ. എൻ . ഷംസുദ്ദീൻ** | | **ശ്രീ. പി. രാജീവ് (നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | നിലവിൽ സംസ്ഥാന സർക്കാരിന് മാത്രം അധികാരമുള്ള കേരള തീരത്തെ കരിമണൽ ഖനനം കേന്ദ്ര സർക്കാർ ഏറ്റെടുക്കാൻ ശ്രമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്, 1957-ലെ മൈൻസ് ആന്റ് മിനറൽസ് (ഡെവലപ്മെന്റ് & റെഗുലേഷൻ) നിയമം ഭേദഗതി ചെയ്യുന്നതിനുള്ള നിർദ്ദേശപ്രകാരം ആക്ടിന്റെ ഒന്നാമത്തെ ഷെഡ്യൂളിലെ പാർട്ട് - ബി യിൽ ഉൾപ്പെടുന്നതും നാളിതുവരെ സ്ട്രാറ്റജിക് ഗണത്തിൽ പരിഗണിച്ചുവന്നിരുന്നതുമായ 12 ധാതുക്കളിൽ 8 എണ്ണത്തെ ആക്ടിൽ പ്രത്യേകമായി പാർട്ട് - ഡി രൂപീകരിച്ച് അതിലേക്ക് മാറ്റി അവയുടെ ലേലം സംസ്ഥാന സർക്കാരിന്റെ അധികാരത്തിനു പരിയായി കേന്ദ്ര സർക്കാരിനെ അധികാരപ്പെടുത്തു വാനാണ് ആക്ടിലെ ഒരു ഭേദഗതിയോടെ ശ്രമിക്കുന്നത്. നിലവിൽ മൈൻസ് ആന്റ് മിനറൽസ് (ഡെവലപ്മെന്റ് & റെഗുലേഷൻ) നിയമത്തിന്റെ സെക്ഷൻ 5(1) ന്റെ 3-ാമത്തെ പ്രൊവിസോയിൽവ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം സർക്കാർ സ്ഥാപനങ്ങൾക്ക് മാത്രമാണ് അറ്റോമിക് മിനറൽസ് ഖനനം ചെയ്യുന്നതിനുള്ള മൈനിംഗ് ലീസ് ലഭ്യമാകുന്നത്. ആ വ്യവസ്ഥയാണ് അക്ടിലെ ഭേദഗതിയോടെ മാറ്റം വരുത്തുവാൻ ശ്രമിക്കുന്നത്. |
| (ബി) | ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും എന്തെങ്കിലും അറിയിപ്പ് ലഭിച്ചിരുന്നോ; | (ബി) | ലഭിച്ചിരുന്നു. കേന്ദ്ര ഖനി നിയമമായ മൈൻസ് ആന്റ് മിനറൽസ് (ഡെവലപ്മെന്റ് & റെഗുലേഷൻ) ആക്ടിന്മേൽ വരുത്തുവാൻ ഉദ്ദേശിക്കുന്ന ഭേദഗതികളെ സംബന്ധിച്ച് കേന്ദ്ര ഖനി മന്ത്രാലയം 2022 മേയ് മാസം 25-ാം തീയതി എം.VI-1/3/2022-മൈൻസ് VI നമ്പരായി നോട്ടീസ് പുറപ്പെടുവിച്ചിരുന്നു. ആയതിന്മേൽ സംസ്ഥാന സർക്കാരുകളുടെയും കേന്ദ്ര ഭരണ പ്രദേശങ്ങളുടെയും അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. |
| (സി) | കരിമണൽ ഖനനം സംബന്ധിച്ച കേന്ദ്ര സർക്കാർ നിർദ്ദേശത്തിൽ എന്തെങ്കിലും നടപടി | (സി) | നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ? | | ആക്റ്റിൽ നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്ന ഭേദഗതി നിർദ്ദേശങ്ങൾ ഭരണഘടനാപരവും, രാജ്യസുരക്ഷാപരവും, പാരിസ്ഥിതികവും, സാമൂഹിക-സാമ്പത്തികപരവുമായി സംസ്ഥാനത്തിന്റെ പൊതു താൽപര്യത്തിന് ദോഷകരമാണെന്ന് വിലയിരുത്തി കൊണ്ട് അതിൽ സംസ്ഥാനത്തിന്റെ വിയോജിപ്പ് കേന്ദ്ര ഖനനമന്ത്രാലയത്തെ അറിയിച്ചിട്ടുള്ളതാണ്. കൂടാതെ ടി വിഷയവുമായി ബന്ധപ്പെട്ട് 4.7.2022 ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും ടി വിഷയത്തിൽ കേന്ദ്ര സർക്കാരിന്റെ നീക്കത്തെ പ്രതിരോധിക്കുവാൻ ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ